


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 • ISSUE : 6 JUNE 2010


## എഡിറ്റോറിയൽ

### നന്ദിയാരോട്.....

അമേരിക്ക ടുഡേ എന്ന പത്രത്തിൽ ഒരിക്കൽ വന്ന വാർത്ത ഒരു ലേഖനത്തിൽ വായിക്കുവാൻ ഇടയായി. അവിടെ ജീവിച്ചിരുന്ന ഒരു സ്ത്രീ ഒരു ദിവസം രാവിലെ എഴുന്നേറ്റ് വാതിൽ തുറന്നപ്പോൾ ഒരു കാറും അതിന്റെ ചാവിയിൽ ഒരു കുറിപ്പും കണ്ടു വിസ്മയം പൂണ്ടു. ആ കുറിപ്പിൽ കുറച്ചു വേദവാക്യങ്ങളും അതിന്റെ അവസാനം "ഞാൻ നിന്നെ സ്നേഹിക്കുന്നതിനാൽ ഇതു ഞാൻ നിനക്ക് സമ്മാനമായി തരുന്നു, എന്ന് ദൈവദൂതൻ" എന്ന എഴുത്തും. അടുത്തവീട്ടിലെ ഒരു കൊച്ചുകുട്ടി അവരോട് ഇത് ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇട്ടു തന്നതാണോ എന്നു ചോദിച്ചു. ഇതുപോലെ അവരോടു പലരും പലതും ചോദിച്ചെങ്കിലും അവർ വളരെ കാലം ആഗ്രഹിച്ചരുന്ന ഒരു സംഗതിയാണവർക്ക് ലഭിച്ചത് എന്നുള്ളതുകൊണ്ട് അവർ ഒരുത്തരവും കൊടുത്തില്ല, അവരുടെ വളരെ പഴയ കാർ എന്നും യാത്രയിൽ പ്രശ്നമുണ്ടാക്കികൊണ്ടിരുന്നപ്പോൾ ഒരു പുതിയ കാർ വേണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. പക്ഷേ അതിനുള്ള സാമ്പത്തിക ശേഷി ഇല്ലാതിരുന്നതിനാൽ അവർ ആഗ്രഹം മനസ്സിൽ അടക്കുകയായിരുന്നു.

ഇതൊക്കെയാണെങ്കിലും അവരുടെ ഗാരേജിന്റെ മുൻവശത്ത് അവർ "ദൈവത്തിനു നന്ദി" എന്ന് ഒരു ബോർഡ് വച്ചു. കാർ ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇട്ടുകൊടുത്തതാണെന്നും മറ്റും അവർ വിശ്വസിച്ചിരിക്കയില്ല. എങ്കിൽതന്നെയും അവർക്ക് കാർ സമ്മാനിച്ച അദൃശ്യവ്യക്തിക്ക് നന്ദി എന്നല്ല ബോർഡ് തൂക്കിയത്. സകലവും നിങ്കൽ നിന്നല്ലോ വരുന്നത് (1ദിന 29:4) എന്നറിയാമായിരുന്ന അവർ ദൈവത്തോടാണ് നന്ദിപറഞ്ഞത്. പലപ്പോഴും നാം ദൈവത്തിന്റെ ദാനങ്ങളുടെ സമൃദ്ധിയിൽ ദൈവത്തെത്തന്നെ മറന്നുപോകുന്നു.

ദേവാലയത്തിനുവേണ്ടി വളരെയധികം സംഭാവനകൾ ലഭിച്ചപ്പോൾ ദാവീദ് ചെയ്തത് ജനങ്ങളോടുകൂടെ ദൈവത്തെ മഹത്വപ്പെടുത്തുകയായിരുന്നല്ലോ. സംഭാവന നൽകുന്നവരെ കണ്ടെത്തി, അവരെക്കൊണ്ടത് ചെയ്യിക്കുന്നത് ദൈവമാണ്. ഓരോ കാര്യത്തിനും ദൈവം അതിനുപറ്റിയ ആളുകളെ കണ്ടെത്തി അവരെക്കൊണ്ട് അതു ചെയ്യിക്കുകയാണ്. അവരതിന് ഒരു നിമിത്തമായിത്തീരുകയാണ്. അതെല്ലാം അവരുടെ കഴിവായി മാത്രം കാണാതെ ദൈവനിശ്ചയമായി കൂടിയും കാണുമ്പോൾ ദേവാലയത്തിന്റെയും മറ്റും പലകാര്യങ്ങളും തടസ്സമില്ലാതെ പോകുന്നതെന്തുകൊണ്ടാണെന്നു മനസ്സിലാകും. എന്തെങ്കിലും ചെയ്യുന്ന ആളുകളെ അഭിനന്ദിച്ചാൽ പോരാ, അതിനിടയാക്കുന്ന, അവർക്കതിന് കഴിവും, മനസ്സുമുണ്ടാക്കുന്ന ദൈവത്തെയും ഓർക്കണമെന്നാണ് ദാവീദിന്റെ ആലയംപണിയിൽ നിന്നും നാം പഠിക്കേണ്ടത്.

ദേവാലയകാര്യങ്ങളിൽ സഹകരിക്കുന്നവരോടും സംഭാവനചെയ്യുന്നവരോടും, സ്നേഹവും നന്ദിയും ആവശ്യമാണ്. പക്ഷേ ദാവീദു ചെയ്തതുപോലെ അവരെയും കൂട്ടി ദൈവത്തെ സ്തുതിക്കുന്നതാണ് ഉചിതമായ പ്രവർത്തി. സഹകാരികൾ ആകുന്നവരെ ആദരിക്കാൻ സമയംകണ്ടെത്തുന്നതിന്റെ കൂടെ, അവരെ അതിനൊരുക്കുന്ന ദൈവത്തോട് നാം നന്ദിയുള്ളവരുമായിരിക്കണം. ■

# പരിശുദ്ധാത്മാവു വരുമ്പോൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



പ്രഥമശ്രവണത്തിൽ ക്രിസ്തുശിഷ്യർക്ക് കാര്യസ്ഥനെപ്പറ്റി ഒന്നും വ്യക്തമായി മനസ്സിലായില്ല. ഗുരു അവരെ വിട്ടുപിരിയുമെന്നും തുടർന്ന് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവരിൽ വന്നാവസിക്കുമെന്നുമാണ് അദ്ദേഹം മൊഴിഞ്ഞത്. പാറക്കലീത്ത പഠിപ്പിക്കുന്നവനും, ഓർമ്മിപ്പിക്കുന്നവനും, സത്യമാർഗ്ഗം തെളിച്ചുകൊടുക്കുന്നവനാണെന്നും അവർ കേട്ടു. കാര്യം മുഴുവൻ ഗ്രഹിക്കാനായില്ലെങ്കിലും, കേട്ട വാക്കുകൾ അവർ ഹൃദയത്തിൽ സംഗ്രഹിച്ചുവച്ചു. അതു വാമൊഴിയായി വെളിപ്പെടുത്തപ്പെട്ടു. തുടർന്ന് വരമൊഴിയായി നമുക്കും കിട്ടി. ആരാണീ പാറക്കലീത്താ? അദ്ദേഹത്തിന്റെ - ആ ശക്തിയുടെ - സാന്നിദ്ധ്യമോ നിറമോ എങ്ങനെ തിരിച്ചറിയും?

പിതാവിൽ നിന്നു പുറപ്പെടുന്നവനും, പുത്രനിൽ നിന്നെടുത്ത് വിതരണം ചെയ്യുന്നവനുമാണ് റൂഹാ. ശക്തിയുടെ പര്യായമായ റൂഹാ സകലത്തിനും ജീവൻ നൽകുന്നവനും ശുദ്ധീകരിക്കുന്നവനുമാകുന്നു. എല്ലാ സൽഗുണങ്ങളുടെയും വിളനിലമായ വിനയം നട്ടുപിടിപ്പിക്കുന്നവൻ റൂഹാ തന്നെ. പെന്തിക്കൊസ്തി പ്രഭാതത്തിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശിഷ്യർ ഗുരുവിനെപ്പോലെയായി എന്നു പറയാം! ശങ്കയും ഭയവുമെല്ലാം നീങ്ങി ധീരമായി അവർ ദൈവിക മർമ്മങ്ങൾ പ്രഖ്യാപിക്കുന്നു. അങ്ങനെ അവർ സത്യത്തിന്റെ സാക്ഷികളായി.

നിരക്ഷരരായിരുന്നവർ വിജ്ഞാനികളുടെ ഭാഷാപരിജ്ഞാനത്തിലേക്കു വളർന്നിരിക്കുന്നു. അലൗകിക ജ്ഞാനത്താൽ അവർ നിറഞ്ഞിരിക്കുന്നു. അഭൗമതേജസ്സ് അവരുടെ മുഖത്തും കാണാം. കാര്യമെല്ലാം ക്രമമായും ശാന്തമായും നടത്താൻ അവർക്കും ത്രാണിയുണ്ടായിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല; സമാധാനത്തിന്റെ ദൈവമാണെന്ന് അവർ സ്വന്തം ചര്യകളിലൂടെ വെളിവാക്കുന്നു.

മരണ-പീഢാഭയം അവർക്ക് അശേഷമില്ല. അവരിൽ നിറഞ്ഞുനിൽക്കുന്ന ഭാവം നിഷ്കളങ്കതയിൽ നിന്നുതിരുന്ന ഭയരാഹിത്യമാണ്. മനുഷ്യനു രണ്ടുപ്രതിസന്ധികൾ സാധാരണമാണ്. ജീവിതസാഹചര്യങ്ങളിലെ അസ്വസ്ഥതകൾ, മരണഭീതി എന്നിവ. ഈ സാധാരണ ദൗർബല്യങ്ങൾ ഇക്കൂട്ടരിൽ നിന്നും ഓടിമറഞ്ഞതുപോലെ തോന്നുന്നു. അങ്ങനെയാകാം അഹിംസയുടെ പാരമ്യത്തിൽ ക്രിസ്താനുകാരികൾ പലരും സഹദേന്മാരായി തീർന്നത്.

സത്യത്തിൽ നടക്കുവാൻ പഠിപ്പിക്കുന്നവനാണ് പരിശുദ്ധാത്മാവ്. വസ്തുനിഷ്ഠമായി പഠിച്ചാൽ മനുഷ്യത്വത്തിൽ ദൈവസ്വഭാവം കലർത്തി, മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കുന്നത് പരിശുദ്ധാത്മ വ്യാപാരം വഴിയാണെന്നു ഗ്രഹിക്കാം. വി. പൗലൂസ് പരിശുദ്ധാത്മ ഫലത്തെപ്പറ്റി വർണ്ണിക്കുന്നതിൽ നിന്നും ഇത് സുവ്യക്തമാണ്. ആത്മീകം എന്നതുകൊണ്ട് എന്തെല്ലാം വിവക്ഷിക്കുന്നുവോ, അതിന്റെയെല്ലാം സ്രോതസ്സ് പാറക്കലീത്ത റൂഹാ തന്നെയാണ്. രോഗശാന്തിയും, ഏതോ "അവ്യക്ത ഭാഷ"യുടെ പ്രയോക്താവുമാണ് റൂഹാ എന്നു പഠിപ്പിക്കുന്നത് ത്രിത്വത്തിൽ മൂന്നാമനായ ദൈവത്തെ തരംതാഴ്ത്തി കാട്ടലാണ്. "യാചിക്കുന്നവന്" ദൈവം നൽകുന്ന മഹത്തായ സമ്മാനമായി വി. റൂഹായെ നമ്മുടെ കർത്താവ് വിവക്ഷിക്കുന്നുണ്ട്. ഒരു ലക്ഷ്വറി ആയിട്ടല്ല. അവശ്യം വേണ്ടിയിരിക്കുന്ന നൽവരമായിട്ടാണ് ക്രിസ്തുയേശു, വിശുദ്ധാത്മാവിനെ വർണ്ണിക്കുന്നത്. ഏറ്റവും ആഗ്രഹിക്കത്തക്കതും, ആവശ്യമുള്ളത് അതാണെന്നും വരുന്നു. ചടുലങ്ങളായ ചില നീക്കങ്ങളാൽ സ്വന്തമാക്കാവുന്ന മാന്ത്രികവടിയാണ് വി.റൂഹാ എന്ന് ധരിച്ചുവശായ മനുഷ്യരുണ്ട്. പരിശുദ്ധാത്മവാസമുണ്ടാക്കാൻ തങ്ങൾക്കു കഴിവുണ്ടെന്ന് അവർ അവകാശപ്പെടുന്നതിൽ അശേഷം കഴമ്പില്ല. എത്രയോ ഒരുക്കത്തോടെയാണ് ശിഷ്യന്മാർ സ്വർഗ്ഗീയ വാഗ്ദാനമായ ആശ്വാസപ്രദനുവേണ്ടി കാത്തിരിക്കുന്നത്. വിശുദ്ധിയുടെ പശ്ചാത്തലമില്ലാതെ പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടാവുക അസാദ്ധ്യമാണ്.

**സകലത്തെയും ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവേ!**
**ഞങ്ങളിൽ വസിച്ച് ജ്വലിക്കേണമേ!**

## വികാരിയുടെ കത്ത്



# സങ്കീർത്തനങ്ങൾ

**ഫാ. പ്രിൻസ് മാത്യു**

മനുഷ്യന്റെ ദൈവാരാധനാ സ്വഭാവത്തിന് വളരെ നീണ്ടകാലത്തെ പഴക്കമാണുള്ളത്. ഭക്തിജീവിതത്തിൽ, പരംപൊരുളായ ദൈവത്തെ ഭജിക്കുന്നതും, "ഭുജിക്കുന്നതും" ഒരേസമയത്തുതന്നെ മനുഷ്യന്റെ കടമയും, അവകാശവുമാണ്. കാലങ്ങളായി തുടരുന്ന ഈ ഭക്ത്യാഭ്യാസത്തിന് സാരമായ വ്യത്യാസങ്ങൾ "പേരിലും, കാര്യത്തിലും" സംഭവിച്ചിട്ടുണ്ട്-ആരാധിക്കുന്നയാളിന്റെ ഉൾത്തടത്തിലെ നിർമ്മലത പരിഗണിക്കുമ്പോൾ പ്രത്യേകിച്ചും. നിർമ്മലമായ ആരാധന വികലമാക്കപ്പെടുകയും, അതിനുവേണ്ടുന്ന പൊതുസ്വഭാവം തന്നെ മെലിഞ്ഞുപോവുകയും ചെയ്യുന്നു. ഈ കാലത്തിൽ, അപകടകരമായ അകക്കാമ്പില്ലാത്ത അനവധി ആരാധനകൾ കാണുന്നുണ്ട്. ഒരർത്ഥത്തിൽ God is ignored and passions are worshiped എന്നു പറയാം.

സഭയിൽ, സമ്പുഷ്ടമായ ആരാധനകൾ (Both public and private) ക്രമീകൃതമായി നടക്കുന്നുണ്ട്. വിശ്വാസികളിൽ പക്ഷേ, ദൈവം തങ്ങളുടെ സ്നേഹനിധിയായ ഇടയനും, വിശ്വസ്ത സംരക്ഷകനും, താന്താങ്ങൾക്കുവേണ്ടി സകലവും നിർവ്വഹിക്കുന്നവനും, എന്നെല്ലാമുള്ള നൈർമ്മല്യം നിറഞ്ഞ ഉൾച്ചിന്തയ്ക്ക് കോട്ടം സംഭവിച്ചിട്ടുണ്ടോ എന്നുള്ളതാണ്. സൂചിപ്പിച്ച passions ദൈവത്തിന്റെ നിഴലിൽ നിൽക്കുന്നതാകണം. ദൈവം തന്നെയാണ് അഭിനിവേശം-passion മുഖ്യതാത്പര്യം ആകേണ്ടത്, പകരം മറ്റൊന്നില്ല - മറ്റൊന്നുമില്ല. വിശുദ്ധ ഗ്രന്ഥത്തിലെ സങ്കീർത്തനങ്ങളിൽ ഈ passion പച്ചപുതച്ച് നിറഞ്ഞുകിടക്കുന്നു. കാതലിൽ മാത്രമല്ല, സങ്കീർത്തനം എന്നപേര് ദ്യോതിപ്പിക്കുന്ന അർത്ഥവും മറ്റൊന്നല്ല. Psalm ന്റെ അർത്ഥം, sacred song, ഈശ്വരസ്തോത്രം, സ്തവം, അഥവാ കീർത്തനം എന്നുതന്നെയാണല്ലോ. ദൈവത്തോടുള്ള ഭക്തിയും, വിശ്വാസവും വിധേയത്വവും വിളിച്ചറിയിക്കുന്ന ആരാധനാ-പ്രാർത്ഥനാകീർത്തനങ്ങളാണിവ. ഈ ഗീതസാഗരം ഉള്ളതിനാൽ പരുവമാർന്ന പ്രാർത്ഥനാവാക്കുകൾക്കും, ശൈലികൾക്കും ക്ഷാമം അശേഷമില്ല. ആരാധനയ്ക്കു യോഗ്യമായ ഭാവങ്ങൾക്കു വേണ്ടിയുള്ള തപ്പിത്തടയലുകൾക്ക് പ്രസക്തിയില്ലെന്ന് സങ്കീർത്തനങ്ങൾ ഓർമ്മപ്പെടുത്തുന്നു.

"Worship is a daunting task". ഇതുകൊണ്ടു തന്നെയാകാം, ദൈവത്തിന്റെ സ്നേഹവർണ്ണനകൾ വിസ്മയകരമായി സമ്മേളിച്ചിരിക്കുന്ന ഈ സ്തുതിപ്പുസ്തകം വലിയദാനമായി ലഭിച്ചിരിക്കുന്നതും. ദൈവദാഹമെന്ന ഒറ്റക്കമ്പിയിൽ ഇഴയിട്ടിരിക്കുന്ന നാദങ്ങളും, അർത്ഥനാപത്രങ്ങളുമാണിതിനകത്തുള്ളത്. ബഹുമാന ബഹുമതികൾ വിളിച്ചറിയിക്കുന്നതും, പച്ചയായ പ്രാർത്ഥനകളും (വ്യക്തിപരവും) ആലാപന ശൈലി മാത്രം നിറഞ്ഞതും ഒക്കെയായി, ദൈവവുമായി തികഞ്ഞബന്ധത്തിൽ, ആലയങ്ങളിലും, ഗുഹകളിൽ വച്ചുപോലും രചിക്കപ്പെട്ടവയുണ്ട് ഇക്കൂട്ടത്തിൽ. ദൈവമുമ്പാകെ ആയിരിപ്പാനും, അപ്പോൾ ഉരുവിടുവാനും ഉള്ളവയാണ് സങ്കീർത്തനങ്ങൾ എന്നതാണ് പഠനം. എല്ലാ ആരാധനകളും, എല്ലാവരുടെയും ആരാധനകളും വ്യത്യസ്തമാണ്. പക്ഷേ, എല്ലാവരും ആരാധിക്കണമെന്നും, അതിനുവേണ്ടുന്ന മനോവിചാരം എന്തെന്നുമാണ് വായനകൾ നൽകുന്ന പാഠം.

വെറുതെ വായിക്കുകയല്ല, വായിച്ച് ധ്യാനപൂർവ്വം പ്രാർത്ഥിക്കുകയാണ് ഇതിലെ വരികൾ തരുന്ന ഊർജ്ജവും, പ്രചോദനവും, നിർമ്മാണാത്മകതയും ഭയങ്കരമാണ്. ആരാധനാഭാഷയും, ശൈലിയും, കുറവില്ലാത്തതും ഭക്തിനിറഞ്ഞതും ഇമ്പകരവും ആകണം - സംശയമില്ല. പക്ഷേ, സങ്കീർത്തനങ്ങളിലെ ആരാധനകൾ നിഷ്കപടവും, സുതാര്യവും, അനൗദ്ധത്യം നിറഞ്ഞതുമാണ്. ■

## നാം നല്ലവരാണോ?

റെംബ്രാണ്ട് എന്ന വിശ്വപ്രസിദ്ധനായ ചിത്രകാരന്റെ മൂന്നു കുരിശുകൾ എന്ന ചിത്രവും വിശ്വപ്രസിദ്ധമാണ്. അതിലേക്കു നോക്കിയാൽ ആദ്യം നമ്മുടെ കണ്ണുകൾ ചെല്ലുക ക്രിസ്തുവിന്റെ കുരിശിലേക്കു തന്നെയാണ്. പിന്നീട് അടുത്തു നിൽക്കുന്ന ജനക്കൂട്ടത്തിന്റെ മുഖഭാവങ്ങൾ തെളിഞ്ഞു കാണും. അവസാനം നാം ശ്രദ്ധിക്കുന്നത് ജനക്കൂട്ടത്തിന്റെ ഒരറ്റത്ത് നിഴൽപോലെ മറഞ്ഞു നിൽക്കുന്ന ഒരു രൂപമാണ്. ആളുകൾ പറയുന്നത് ആ രൂപം റെംബ്രാണ്ടിന്റെ തന്നെയാണെന്നാണ്. യേശുവിനെ കുരിശിൽ തറക്കാൻ അദ്ദേഹവും കൂട്ടുനിന്നെന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു. നാമും പാപംചെയ്ത് യേശുവിനെ കുരിശിലേറ്റാൻ കൂട്ടുനിൽക്കുന്നില്ലേ? നാമും പീലാത്തോസിനെപ്പോലെ അലക്ഷ്യമനോഭാവക്കാരും, കയ്യഫാവിനെപ്പോലെ കുടിലമതികളും, ജനക്കൂട്ടത്തെപ്പോലെ ക്രൂരരും അല്ലേ? പക്ഷേ നാമും ആ കൂട്ടത്തിൽ ഉണ്ടെങ്കിലും യേശു, "പിതാവെ ഇവരോട് ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ചത് നമുക്കും കൂടി ആയിട്ടാണ് എന്നുള്ളതുകൊണ്ട് നമ്മുടെ എല്ലാ തെറ്റുകളും കുറ്റങ്ങളും ദൈവം ക്ഷമിക്കുമെന്നു വിശ്വസിക്കാം. വലതു ഭാഗത്തെ അനുതാപിയുടെ മനോഭാവവും സുവിശേഷത്തിൽ നാം പരിചയപ്പെട്ടിട്ടുള്ള സമാന കഥാപാത്രങ്ങളുടെ ശൈലികളും നാം പിന്തുടരേണ്ടിയിരിക്കുന്നു.

## അപേക്ഷ

നിർമ്മലതേജസ്സാം ഹൃത്തിന്നുടമയാം
സ്നേഹത്തിൻ പൊൻമുത്താം മറിയാം;
താഴ്മയായ് സംവഹിച്ചീശനെ തന്നുള്ളിൽ
ലോകത്തിൻ പാപങ്ങളേറ്റീടാൻ

വ്യാകുലവേളയിൽ ചാഞ്ചല്യം തീണ്ടാതെ
പുത്രനാം യേശുവേ കാത്തവൾ;
പതറാതെ നിന്നവൾ, ക്രൂശിതൻ ചാരത്തായ്
പാരിതിന്നമ്മയായ് തീർന്നവൾ

സർവ്വേശ്വരീ! തായേ! കടാക്ഷിക്കേണമേ,
സാദരം പ്രണാമം പ്രണാമം
പ്രാർത്ഥിക്ക ഞങ്ങൾക്കായ് തനയനോടെന്നെന്നും...
ശാന്തിയും, കൃപയും ചൊരിഞ്ഞിടാൻ

**സുമ തോമസ്**

*The beginning of Sin is sweet. It's end is bitter*

ഭദ്രാസന വിശേഷങ്ങൾ

# സംയുക്ത ഓർമ്മപ്പെരുന്നാളും നവാഭിഷിക്ത മേല്പട്ടക്കാർക്ക് സ്വീകരണവും

കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന പുണ്യശ്ലോകരായ ശെമവൂൻ മാർ ദീവന്നാസിയോസ്, പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാര് സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മ ഭദ്രാസനാടിസ്ഥാനത്തിൽ സംയുക്ത പെരുന്നാളായി കൊണ്ടാടി. മെയ് 14, 15 തീയതികളിൽ കൊരട്ടി സീയോൻ സെമിനാരിയിൽ നടന്ന പെരുന്നാൾ കൊച്ചി ഭദ്രാസനത്തിന് മറ്റൊരു പുതിയ തുടക്കമായി. പെരുന്നാൾ ദിനത്തിൽ, നവാഭിഷിക്തരായ ഏഴ് മെത്രാപ്പോലീത്താമാർക്ക് (ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാ മാർ നിക്കോദീമോസ്, ഡോ. സഖറിയാ മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം) സ്വീകരണവും നല്കി. 14ന് വൈകുന്നേരം നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സന്ധ്യാനമസ്കാരം നടന്നു. അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് അനുസ്മരണ പ്രഭാഷണം നടത്തി. പെരുന്നാൾ ദിനത്തിൽ പരിശുദ്ധ കാതോലിക്കാബാവായുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. കുരിശിങ്കലേക്കുള്ള പ്രദക്ഷിണവും, ആശിർവ്വാദവും നേർച്ചവിളമ്പും നടന്നു. തുടർന്ന് സ്വീകരണഘോഷയാത്ര ഭദ്രാസന മെത്രാപ്പോലീത്താ മാർ ഐറേനിയോസ് തിരുമേനി സ്വാഗതമാശംസിച്ച സ്വീകരണ സമ്മേളനം പരിശുദ്ധ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് അനുസ്മരണ പ്രഭാഷണവും, ഡോ. ഏബ്രഹാം മാർ സെറാഫിം മറുപടി പ്രസംഗവും നിർവ്വഹിച്ചു. ഉച്ചയ്ക്ക് നേർച്ചസദ്യയോടെ പെരുന്നാൾ സമംഗളം പര്യവസാനിച്ചു.









## OCF-ന്റെ കാരുണ്യപ്രവർത്തനങ്ങൾ

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനരഹിതർക്കായി നിർമ്മിച്ച 15-ാമത്തെ വീടിന്റെ താക്കോൽദാനം 2010 മാർച്ച് 1ന് ബഹു. പി.ഐ. വറുഗീസച്ചൻ നിർവ്വഹിച്ചു. കുമ്പളം തോപ്പിൽപറമ്പിൽ ശ്രീ. പ്രസാദ്-ദീപ കുടുംബത്തിനാണ് ഈ വീട് നൽകിയത്.

എറണാകുളം ജനറൽ ആശുപത്രിയിൽ രോഗികൾക്കും, കൂടെയുള്ളവർക്കും മെയ്മാസം 4ന് ആഹാരം നൽകി. ഏകദേശം 800 പേർക്ക് ആഹാരം നൽകുവാൻ സാധിച്ചു.





# കുടുംബ വിശേഷങ്ങൾ



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഏപ്രിൽ - മെയ് മാസങ്ങളിലെ വിതരണം, മെയ് 8-ന് ശ്രീ. സി.വി. പോൾ, R.M.O. ഡോ. അരുവിക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചപ്പോൾ. റവ. ഫാ. പി.ഐ. വർഗ്ഗീസ്, ട്രസ്റ്റി ശ്രീ. ചെറിയാൻ തോമസ്, സെക്രട്ടറി ശ്രീ. ഡാനിയേൽ ഉമ്മൻ, ശ്രീ. ജോർജ്ജ് ജോസഫ് പൂപ്പള്ളി, ശ്രീ. കെ.കെ. ജോർജ്ജ്, ശ്രീ. ചെറിയാൻ കോര, ശ്രീ. കെ. പോൾ മാത്യു, ശ്രീ. എം.സി. ബാബു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## അഭിനന്ദനങ്ങൾ



നമ്മുടെ ഇടവകയിലെ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും, ശ്രീമതി മറിയാമ്മാ ചാക്കോയുടെയും മകൾ ക്രിസ്റ്റീന മറിയം ചാക്കോ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് നേടി. കൂടാതെ കേരള ബാലജനസഖ്യത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.



നമ്മുടെ ഇടവകാംഗവും നഗരത്തിലെ വ്യാപാരിയും, വ്യാപാരികളുടെ മാർഗ്ഗദർശിയുമായ ശ്രീ. പി. യു. ജോസിന് കേരളാ മർച്ചന്റ്സ് യൂണിയൻ വിശിഷ്ട സേവാ പുരസ്കാരം നൽകി ആദരിച്ചു.

ബഹു. ധനകാര്യവകുപ്പു മന്ത്രി ശ്രീ. തോമസ് ഐസക്കാണ് പുരസ്കാരം നൽകിയത്.

## KOINONIA 2010

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (MGOCSM) ഒരു യൂണിറ്റ് നമ്മുടെ കത്തീഡ്രലിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന KOINONIA 2010 ജൂൺ 12 ശനിയാഴ്ച കത്തീഡ്രലിൽ നടക്കും. എറണാകുളത്തുള്ള എല്ലാ ഇടവകകളിലെയും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൾച്ചറൽ പ്രോഗ്രാമാണ് KOINONIA. വ്യത്യസ്ത കലാമത്സരങ്ങൾ പരിപാടിയുടെ പ്രത്യേകതയാണ്. മുൻ വർഷങ്ങളിലേക്കാൾ ആകർഷണീയമായി KOINONIA 2010 നടത്തുന്നതിനുള്ള അണിയറ പ്രവർത്തനങ്ങളിലാണ് നമ്മുടെ വിദ്യാർത്ഥികൾ.

## വിശേഷ ദിവസങ്ങൾ

**ജൂൺ**

16 ബുധൻ : ശ്ലീഹാ നോമ്പാരംഭം
29 ചൊവ്വ : ശ്ലീഹാ നോമ്പുവീടൽ, പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ
30 ബുധൻ : പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ

**ജൂലൈ**

3 ശനി : വി. മാർത്തോമാ ശ്ലീഹായുടെ ഓർമ്മ

## മാമോദീസ

1. ഏരൂർ വെസ്റ്റ് പുരക്കൽ ശ്രീമതി മറിയം വർഗീസിന്റെയും മുളക്കുളം നോർത്ത് തുടിയംപറമ്പിൽ ശ്രീ. വർഗീസ് സഖറിയയുടെയും മകൾ സാറ 1-5-2010 ൽ മാമോദീസ സ്വീകരിച്ചു.

2. പോണേക്കര പാലവിള വീട്ടിൽ ശ്രീ. തോമസ് കോശി വൈദ്യന്റെയും ശ്രീമതി റീന റേച്ചൽ തോമസിന്റെയും മകൾ മറിയം (ആകാശ് മേബിൾ തോമസ്) 1-5-2010 ൽ മാമോദീസ സ്വീകരിച്ചു.

3. എറണാകുളം നോർത്ത് എമ്പശ്ശേരിൽ ശ്രീമതി മിറിയം വർഗീസിന്റെയും പൂനനടുവിലെ വീട്ടിൽ ശ്രീ. സച്ചിൻ പോൾ വർഗീസിന്റെയും മകൾ മിറിയം (നിതിക മേരി വർഗീസ്) 7-5-2010 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം



1. എറണാകുളം നോർത്ത് എമ്പശ്ശേരിൽ ശ്രീ. ജോർജ്ജ് പോളിന്റെയും ശ്രീമതി ലിസ ജോർജ്ജ് പോളിന്റെയും മകൻ പൗലോയും ബാംഗ്ലൂർ അടിമത്ര ശ്രീ. ജേക്കബ് മാത്യുവിന്റെയും ശ്രീമതി നീന മാത്യൂവിന്റെയും മകൾ മിറയമും തമ്മിൽ 9-5-2010 ൽ കത്തീഡ്രലിൽ വിവാഹിതരായി.

2. കടവന്ത്ര പാലാൽ മേപ്പാടത്ത് ശ്രീമതി ആനിസോണിയുടെ മകൻ ഏബ്രഹാമും ചേർത്തല വാരനാട് പുളിക്കപ്പറമ്പിൽ ശ്രീ. പി.ജെ. ജോസഫിന്റെയും ശ്രീമതി ഓമന ജോസഫിന്റെയും മകൾ ലീ ജോസഫും തമ്മിൽ 10-5-2010 ൽ കത്തീഡ്രലിൽ വിവാഹിതരായി.



3. കത്യക്കടവ് വരയന്നൂർ ശ്രീ. വി.എം. തോമസിന്റെയും ശ്രീമതി ഷൈല തോമസിന്റെയും മകൻ ദീപു തോമസും മാവേലിക്കര ചെറുകോൽ കോട്ടയിൽ ശ്രീ. എം. ജി. ജോണിന്റെയും ശ്രീമതി കെ.ജെ. റേച്ചലിന്റെയും മകൾ സ്മിത ജോണും തമ്മിൽ 10-5-2010ൽ കത്തീഡ്രലിൽ വിവാഹിതരായി.

4. മരട് ചെറുവള്ളിത്തറയിൽ ശ്രീ. സി. ജെ. ഫിലിപ്പിന്റെയും ശ്രീമതി മോളി ഫിലിപ്പിന്റെയും മകൾ സോഫിയ ഫിലിപ്പും, മാവേലിക്കര കരിപ്പുഴ കാരണത്ത് പീടികയിൽ ശ്രീ കെ.എം. മാത്യുവിന്റെയും ശ്രീമതി മറിയാമ്മ മാത്യുവിന്റെയും മകൻ ടോണി മാത്യുവു തമ്മിലുള്ള വിവാഹം 17-5-2010 ൽ കരിപ്പുഴ ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

5. മാമംഗലം തെക്കേക്കര വീട്ടിൽ ശ്രീ. ടി.ഐ. സിമ്രിയുടെയും ശ്രീമതി സാറാ സിമ്രിയുടെയും മകൾ ബിന്ദു സിമ്രിയും, പത്തനാപുരം ഇളമ്പാശേരി ഇ.എം. ജോർജ്ജിന്റെയും ലീലാമ്മ ജോർജ്ജിന്റെയും മകൻ ലിബുവും തമ്മിലുള്ള വിവാഹം പത്തനാപുരം ഇമ്മാനുവൽ മർത്തോമാ പള്ളിയിൽ 8-5-2010 ൽ നടന്നു.

6. ചിലവന്നൂർ റോഡ്, തണുവേലിൽ ശ്രീ. ബിജോയ് ജോർജ്ജിന്റെയും ശ്രീമതി താരയുടെയും മകൾ ദിവ്യയും, കോലേത്ത് ശ്രീ. മാമൻ മാത്യുവിന്റെയും ശ്രീമതി വത്സയുടെയും മകൻ അലക്സാണ്ടറും തമ്മിൽ 24-5-2010 ൽ ബ്രോഡ്‌വേ സി.എസ്.ഐ. ഇമ്മാനുവൽ പള്ളിയിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി

1. കൊച്ചുകടവന്ത്ര മംഗലപ്പള്ളിൽ ശ്രീമതി സാറാമ്മ ജോൺ (89) 21-5-2010ൽ നിര്യാതയായി. 22-5-2010 ൽ എളംകുളം ചാപ്പൽ സെമിത്തേരിയിൽ അടക്കം ചെയ്തു.

2. കടവന്ത്ര പാലാൽ മേപ്പാടത്ത് ശ്രീമതി മേരി ഇട്ടൻ (94) 20-5-10 ൽ നിര്യാതയായി. കുറിഞ്ഞി സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

**GOODWILL POWER COMPANY PVT.LTD**
*Electrical Engineers and “A” Grade Contractors*

**PACKS SALES CORPORATION**
*Distributors for everything in electrical.*

41/1929A Banerji Road, Ernakulam, Cochin 682 018 Tel: 0484-2369036, 2368179; Fax: 2350598,2351473E-mail: goodwillpower@eth.net

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary’s Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***